## മുൻകരുതൽ

ജലാംശം കുറഞ്ഞ മാലിന്യം മാത്രം പൈപ്പിലേക്ക് നിക്ഷേപിക്കുക. ഇതിനായി വിവിധതരത്തിലുള്ള മാലിന്യങ്ങൾ കൂട്ടി കലർത്തി ഈർപ്പം കുറച്ച് ചെറിയ കഷണങ്ങളായി മുറിച്ച് / അരിഞ്ഞ് ഇടാൻ ശ്രദ്ധിക്കണം. ഈർപ്പം കൂടുതലായാൽ പുഴു ഉണ്ടാകാനുള്ള സാധ്യതയുണ്ട്. ഈർപ്പം കുറവായാൽ വെള്ളം തളിച്ച് ജീർണ്ണനപ്രക്രിയ ത്വരിതപ്പെടുത്തണം.

## ശ്രദ്ധിക്കുക

- കുടിക്കുന്നതിനും ആഹാരം പാകം ചെയ്യുന്നതിനും ശുദ്ധജലം മാത്രം ഉപയോഗിക്കുക.
- ജലം ശേഖരിച്ചു വെയ്ക്കുന്ന സംഭരണികൾ ദിവസവും കഴുകി വൃത്തിയാക്കുകയും അടച്ചും കൈകൾ ഇട്ട് മുക്കാതെയും സൂക്ഷിക്കുക.
- നീളവും വൃത്തിയുള്ള തവിയോ മഗ്ഗോ ഉപയോഗിച്ച് മാത്രം ജലം എടുക്കുക.
- സുരക്ഷിതമല്ലാത്ത വെള്ളം പത്ത് മിനിട്ട് തിളപ്പിച്ചശേഷം മാത്രം ഉപയോഗിക്കുക.
- ഭക്ഷണ പദാർത്ഥങ്ങൾ മൂടിവെയ്ക്കുക.
- അഴുകിയതും പഴകിയതുമായ ആഹാരം കഴിക്കാതിരിക്കുക.
- മല മൂത്ര വിസർജ്ജനത്തിന് കക്കൂസ് ഉപയോഗിക്കുക.
- വീടും പരിസരവും ശുചിയായി സൂക്ഷിക്കുക.
- ചപ്പുചവറുകൾ, റോഡിലേയ്ക്ക് വലിച്ചെറിയാതെ ഉറവിടത്തിൽ സംസ്ക്കരിക്കുക.
- വീടിനുചുറ്റും മലിനജലം കെട്ടിക്കിടന്ന് കൊതുക് വരാതിരിക്കാൻ ശ്രദ്ധിക്കുക.

**നല്ലനാട് നല്ലവെള്ളം**
**രോഗരഹിത കേരളത്തിന്**

**മാലിന്യസംസ്കരണ മാർഗ്ഗങ്ങൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ സമീപിക്കുക**

## ലളിതം സുരക്ഷിതം

### ഉറവിടമാലിന്യസംസ്കരണത്തിന്

# പൈപ്പ്കമ്പോസ്റ്റിംഗ്




**ശുചിത്വമിഷൻ**

തദ്ദേശ സ്വയംഭരണ വകുപ്പ് കേരള സർക്കാർ

പനവിള ജംഗ്ഷൻ തൈക്കാട്.പി.ഒ തിരുവനന്തപുരം-695 014

E-mail: suchitwamission@gmail.com Ph: 2327730, 2339831, 2325730

## 1. പൈപ്പ് കമ്പോസ്റ്റിംഗ്

അടുത്ത കാലത്തായി കേരളീയരുടെ ജീവിതശൈലിയിലുണ്ടായ മാറ്റം മാലിന്യത്തിന്റെ അളവ് ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ജനസംഖ്യാ വർദ്ധനവും ഭൂവിസ്തൃതിയുടെ പരിമിതിയും മണ്ണിലെ ജലസാന്നിധ്യവും മറ്റു പല മേഖലകളെപ്പോലെ മാലിന്യസംസ്കരണത്തെയും പ്രതികൂലമായി ബാധിക്കുന്നു. പുതിയപുതിയ പകർച്ചവ്യാധികൾ ഉണ്ടാകുന്നു. ഒരിക്കൽ ഒഴിച്ചുവിട്ടവ തിരിച്ചു വരുന്നു. ഇവയൊക്കെ ശാസ്ത്രീയ മാലിന്യസംസ്കരണത്തിന്റെ ആവശ്യകത ഉയർത്തുന്നു. ആയതിനാൽ മാലിന്യ സംസ്കരണം സർക്കാരിന്റെ മാത്രം ചുമതലയായി കാണാതെ ഉറവിടഗൃഹമാലിന്യസംസ്കരണം ലഘുവായ മാർഗ്ഗങ്ങൾ അവലംബിച്ച് വ്യാപകമായി സ്വീകരിക്കേണ്ടതുണ്ട്. 'അഴുക്കൊഴിവാക്കി ആരോഗ്യം സംരക്ഷിക്കുക' എന്നതാവണം നമ്മുടെ മുദ്രാവാക്യം.

നിലവിലുള്ള ഉറവിടമാലിന്യസംസ്കരണ മാർഗ്ഗങ്ങളിൽ ഏറ്റവും ലളിതവും ചെലവുകുറഞ്ഞതും ശാസ്ത്രീയവുമായ സമ്പ്രദായമാണ് 'പൈപ്പ് കമ്പോസ്റ്റിംഗ്'. നഗര സഭകൾ, മുനിസിപ്പാലിറ്റികൾ, ജനസാന്ദ്രതകൂടിയ പഞ്ചായത്തുകൾ തുടങ്ങി സ്ഥലപരിമിതിയുള്ള പ്രദേശങ്ങളിൽ ഈരീതി ഉറവിടമാലിന്യസംസ്കരണത്തിന്റെ ഭാഗമാക്കാവുന്നതാണ്.

### ആവശ്യമായ സാധനങ്ങൾ

i. പി.വി.സി പൈപ്പ് (20 സെ.മി ഡയമീറ്റർ 1 മീറ്റർ നീളം) ISI അടയാളത്തോടുകൂടിയത് 2 എണ്ണം (കുടുംബാംഗങ്ങളുടെ എണ്ണത്തിനൊത്ത് അളവും എണ്ണവും കൂട്ടാം)

ii. ഫെറോ സിമന്റിലുള്ള അടപ്പ് ( 20 സെ.മി ഡയമീറ്റർ) 2 എണ്ണം ( പി.വി.സി/ ജി.ഐ.ഷീറ്റ് കൊണ്ടുള്ള നിശ്ചിത അളവിലുള്ള കൈപ്പിടി ഉൾപ്പെടെയുള്ള അടപ്പും ഉപയോഗിക്കാം)

### തയ്യാറാക്കുന്ന രീതി

സൗകര്യമായ ഭാഗത്ത് 2 കുഴി 30 സെ.മി താഴ്ചയിൽ എടുത്ത് പൈപ്പുകളെ നിർത്തി മണ്ണിട്ട് ഉറപ്പിക്കുക. 1 മീറ്റർ പൈപ്പിൽ 70 സെ.മീ. പുറത്ത് കാണുകയും 30 സെ.മീ മണ്ണിനടിയിലുമായിരിക്കും. പൈപ്പിനുള്ളിൽ ജൈവമാലിന്യം ചെറുതായി മുറിച്ച് ഇട്ടു തുടങ്ങുക. അതാത് ദിവസത്തെ മാലിന്യം ഒരു പൈപ്പിലേക്കിട്ട് അതിനെ അടപ്പുകൊണ്ട് മൂടി വയ്ക്കുക. ഇടയ്ക്കിടക്ക് പച്ചചാണകം, പുളിച്ചതൈര്, ജൈവലായനി എന്നിവയിലേതെങ്കിലും മാലിന്യത്തിന്റെ കൂടെ തളിക്കുന്നത് കമ്പോസ്റ്റിംഗ് പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് ഉപകരിക്കും. മാലിന്യത്തിന്റെ അധികരിച്ച ഈർപ്പം മണ്ണിലേക്ക് വാർന്ന് പോകുന്നതിനും മണ്ണിലെ സൂഷ്മ ജീവാണുക്കൾ മാലിന്യസംസ്കരണം ത്വരിതപ്പെടുത്തുന്നതിനും ഇടയാക്കുന്നു. പൈപ്പിനുള്ളിൽ ലഭ്യമായ വായുവും പൈപ്പിന്റെ മൂടി തുറക്കുമ്പോൾ വ്യാപിക്കുന്ന വായുവും മാലിന്യത്തിന്റെ ജീർണ്ണന പ്രക്രിയ ത്വരിതപ്പെടുത്തും. ആകയാൽ വായുസഞ്ചാരം സുഗമമാക്കാൻ അവസരം നൽകണം.

ഒരു പൈപ്പ് നിറഞ്ഞതിന് ശേഷം അതിനെ അടപ്പുകൊണ്ട് അടച്ചുവയ്ക്കുക. എന്നിട്ട് മേൽ പ്രകാരം രണ്ടാമത്തെ പൈപ്പിൽ മാലിന്യങ്ങൾ നിക്ഷേപിച്ച് തുടങ്ങുക. ദിവസവും ഒരു കിലോ ജൈവമാലിന്യങ്ങൾ വീതം 60 ദിവസത്തേയ്ക്ക് നിക്ഷേപിക്കാൻ ഒരു പൈപ്പ് മതിയാകും. രണ്ടാമത്തെ പൈപ്പ് നിറഞ്ഞുകഴിയുമ്പോൾ, അതായത് ഏകദേശം 4 മാസത്തിന് ശേഷം, ആദ്യത്തെ പൈപ്പിൽ നിക്ഷേപിച്ച മാലിന്യങ്ങൾ വളമായി മാറിയിട്ടുണ്ടാവും. ആ പൈപ്പ് പുറത്തെടുത്ത് അതിലുള്ള കമ്പോസ്റ്റ് ഒരു കമ്പ് ഉപയോഗിച്ച് പുറത്തേയ്ക്ക് തള്ളി തണലിൽ ഇട്ട് ഉണക്കിയ ശേഷം വളമായി ഉപയോഗിക്കാവുന്നതാണ്. വീണ്ടും ഈ പൈപ്പ് തിരികെ മണ്ണിൽ നിർത്തി മാലിന്യം നിക്ഷേപിച്ചു തുടങ്ങാം. കൂടുതൽ മാലിന്യമുള്ളിടത്തു പൈപ്പിന്റെ നീളം, എണ്ണം എന്നിവ കൂട്ടാവുന്നതാണ്.